നവകേരളം കർമപദ്ധതി
നവകേരളം വാർത്ത
ന്യൂസ്‌ലെറ്റർ
2023 ആഗസ്റ്റ് 16-31
ഓൺലൈൻ വായനയ്ക്ക്


## എഡിറ്റോറിയൽ

### ഓണത്തിന്റെ പാരിസ്ഥിതിക ദർശനം



നാമേവരേയും സദാ സ്വാധീനിച്ചു കൊണ്ടിരിക്കുന്ന ഒരു മഹാ നന്മ യുടെ പ്രതീകമാണ് ഓണം. ജാതി മത ആചാര വിശ്വാസങ്ങൾക്കതീ തമായി സമത്വം, സമഭാവന എന്നീ ആശയങ്ങളുടെ സാക്ഷാത്കാരം കൂടിയാണ് ഓണം. പ്രകൃതിയുടെ സമൃദ്ധിയിലാണ് ഓണസങ്കല്പം പൊലിക്കുന്നത്. ഓണത്തിന്റെ പാരി സ്ഥിതിക ദർശനവും ഇതുതന്നെയാണ്.

ഏതു നാട്ടിലായാലും മലയാളിക്ക് ഓണം ഒഴിവാ ക്കാനാകാത്ത ആഘോഷമാണ്. എന്നാൽ ആധുനിക ജീവിതശൈലി ആഘോഷങ്ങളിൽ വരുത്തിയ മാറ്റം പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം വരുത്തുകയാണ്. ആഘോഷങ്ങളിലും അല്ലാതെയും മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്നതും അവ യഥാവിധി സംസ്കരിക്കപ്പെടാത്തതും സ്ഥിതി കൂടുതൽ ഗുരുതര മാക്കുന്നു. പ്രാദേശികതലമുൾപ്പെടെ കേരളത്തിലെ എല്ലാ മേഖലകളിലും കൂടുതൽ വ്യാപാര വിനിമയം നടക്കുന്നത് ഓണക്കാലത്താണ്. അതുകൊണ്ടു തന്നെ ഈ ആഘോഷ വേളയിൽ ജൈവ അജൈവ മാലിന്യങ്ങൾ വെവ്വേറെ തരംതിരിച്ച് സംസ്കരിക്കു ന്നതിൽ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. ഹരിതചട്ട പാലനത്തിലൂടെ ഒരളവു വരെ ഈ പ്രശ്നം പരിഹ രിക്കാവുന്നതാണ്. ഈ ദിശയിലുള്ള പ്രവർത്തനങ്ങ ളിൽ ഹരിതകേരളം മിഷൻ ഈ ഓണക്കാലത്തും കർമനിരതമാണ്. സ്ഫടികതുല്യ ജലമൊഴുകിയിരുന്ന നമ്മുടെ ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പ്, കാർ ബൺ സന്തുലിത നവകേരളം, പ്രാദേശിക ജൈവ വൈവിധ്യം കാക്കുന്ന പച്ചത്തുരുത്തുകൾ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ കർമപഥത്തിലാണ്.

പൂക്കളും ഊഞ്ഞാലും കുടുംബ സംഗമവും സദ്യയും ഒക്കെ നിറയുന്ന ഓണാഘോഷങ്ങളിൽ, അതിന്റെ ഭാവാന്തരീക്ഷത്തിന് ഒരു കോട്ടവും വരാതെ, പ്രകൃതിയെ അറിഞ്ഞും, പരിസ്ഥിതി സൗഹൃദവും ആയി ഉത്സവങ്ങൾ ആഘോഷിക്കു ന്നതാണ് ഏറ്റവും ഉചിതമെന്ന് പ്രത്യേകിച്ച് പറയേ ണ്ടതില്ലല്ലോ. കാരണം ഒരു ജനതയുടെ സാമൂഹ്യ സാംസ്കാരിക പാരമ്പര്യത്തിന്റെ പ്രതിഫലനമാണല്ലോ ആ ദേശത്തെ ഉത്സവങ്ങളും ആഘോഷങ്ങളും. സ്നേഹനിർഭരമായ ഓണാശംസകൾ.

ഡോ. ടി.എൻ. സീമ
കോർഡിനേറ്റർ
നവകേരളം കർമപദ്ധതി



# സ്നേഹാരാമങ്ങൾ 3000 കേന്ദ്രങ്ങളിൽ

മാലിന്യമുക്ത നവകേരളം കാമ്പയിനിന്റെ ഭാഗമായി ഉന്ന തവിദ്യാഭ്യാസ വകുപ്പ് സംസ്ഥാന നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകൾ സ്നേഹാ രാമങ്ങൾ ഒരുക്കുമെന്ന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ബിന്ദു.

കേരളത്തിലെ 3000 കേന്ദ്രങ്ങളിൽ സ്നേഹാരാമങ്ങൾ ഒരുക്കും. 3500 എൻ.എസ്.എസ്. യൂണിറ്റുകളിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ കലാലയങ്ങളിലെ മറ്റ് വിദ്യാർഥി കൂട്ടായ്മകൾ, ത്രിതല പഞ്ചായത്ത് സമിതികൾ, ഹരിത കർമസേന എന്നിവയുടെ സഹകരണത്തോടെയാണ് സ്നേഹാരാമം പദ്ധതി പൂർത്തീകരിക്കുകയെന്ന് മന്ത്രി വ്യക്തമാക്കി. ഓരോ എൻ.എസ്.എസ്. യൂണിറ്റും പൊതു ജനങ്ങൾ അലക്ഷ്യമായി മാലിന്യം നിക്ഷേപിച്ചുകൊണ്ടി രിക്കുന്ന ഏതെങ്കിലും ഒരു പ്രദേശമോ വൃത്തിഹീനമായി കിടക്കുന്ന പൊതുസ്ഥലമോ ഏറ്റെടുത്ത് മാലിന്യമുക്ത



മാക്കി പൊതുജനങ്ങൾക്കു ഉപയോഗപ്രദമാക്കി മാറ്റുക യാണ് ലക്ഷ്യമിടുന്നത്. ഗാന്ധിജയന്തി ദിനത്തിൽ ആരംഭി ക്കുന്ന കാമ്പയിൻ 2024 ജനുവരി ഒന്നിന് അവസാനിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചി ച്ചായിരിക്കും പ്രദേശം തീരുമാനിക്കുന്നത്. പച്ചത്തുരുത്ത്, ചുമർചിത്രം, വെർട്ടിക്കൽ ഗാർഡൻ, പാർക്ക്, വിശ്രമ സംവിധാനം, ഇൻസ്റ്റലേഷൻ എന്നിങ്ങനെ വോളന്റിയർമാ രുടെ സർഗ്ഗാത്മകത വ്യക്തമാക്കുന്ന തരത്തിലായിരിക്കും പ്രദേശം സ്നേഹാരാമമായി മാറ്റിയെടുക്കുക.

# വിദ്യാഭ്യാസരംഗത്ത് സാങ്കേതികവിദ്യ സുപ്രധാനം മന്ത്രി വി. ശിവൻകുട്ടി

തിരുവനന്തപുരം ജില്ലയിലെ ഇടവ സർക്കാർ മുസ്ലിം യു.പി. സ്കൂളിൽ നിർമാണം പൂർത്തിയാക്കിയ പുതിയ ബഹുനില മന്ദിരവും പനയറ സർക്കാർ എൽ.പി. സ്കൂൾ, പകൽക്കുറി സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലെ പുതിയ ബഹുനില മന്ദിരങ്ങളുടെ നിർമാണ പ്രവർത്തനങ്ങളും പൊതു വിദ്യാഭ്യാസവകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിൽ കേരളം മാതൃകാപരമായ നിലവാരം പുലർത്തുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. കേരളം സ്ഥിരമായി ഉയർന്ന സാക്ഷരതാ നിരക്ക് കൈവരിക്കുകയും വിദ്യാഭ്യാസത്തിന്റെ മൊത്തത്തിലുള്ള ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ ഗണ്യമായ പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ലിംഗ ഭേദമോ സാമൂഹിക പശ്ചാത്തലമോ ഇല്ലാതെ എല്ലാവർക്കും തുല്യമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതാണ് ഈ നേട്ടങ്ങൾക്ക് പിന്നിലെ പ്രധാന കാരണമെന്നും മന്ത്രി വ്യക്തമാക്കി. മതിയായ സ്കൂൾ കെട്ടിടങ്ങൾ, സുസജ്ജമായ ക്ലാസ് മുറികൾ, ആധുനിക പഠന സൗകര്യങ്ങൾ എന്നിവ വിദ്യാർത്ഥികളെ പഠനത്തിൽ മികവ് പുലർത്താൻ പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം വളർത്തിയെടുത്തിട്ടുണ്ട്. കൂടാതെ, സാങ്കേതികവിദ്യയിലെ സർക്കാർ നിക്ഷേപം പഠന പ്രക്രിയയെ മെച്ചപ്പെടുത്തി, വിദ്യാഭ്യാസത്തെ കൂടുതൽ ആകർഷകവും പ്രാപ്യവുമാക്കിയെന്നും വിദ്യാഭ്യാസ മന്ത്രി കൂട്ടിച്ചേർത്തു.



# പൊതുവിദ്യാഭ്യാസ മേഖലയിലെ ചെലവ് ഭാവിയുടെ മൂലധന നിക്ഷേപം: മന്ത്രി കെ രാജൻ



പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ ചെലവഴിക്കുന്ന തുക ഭാവിയിലേക്കുള്ള മൂലധന നിക്ഷേപമാണെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ. തൃശൂർ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിദ്യാലയങ്ങളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കുന്ന സമാദരണം - 2023 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസം പുത്തനുണർവിലാണെന്നും സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഒരുമിച്ച് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുകയാണെന്നും മന്ത്രി പറഞ്ഞു. തൃശ്ശൂർ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് മാസ്റ്റർ അധ്യക്ഷനായി. ജില്ലാ കളക്ടർ വി.ആർ. കൃഷ്ണതേജ മുഖ്യാതിഥിയായി. വിദ്യാഭ്യാസ ഡയറക്ടർ എസ്. ഷാജി പദ്ധതി വിശദീകരിച്ചു.

## ഹരിതച്ചുവരിൽ അത്ത ചമയം

തൃപ്പൂണിത്തുറ ഹരിത അത്തചമയ ആഘോഷത്തിന്റെ ഭാഗമായി ആർ.എൽ.വി. കോളേജിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഗവ. ബോയ്സ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ മതിൽ, ടോൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ ആശയം പ്രചരിപ്പിക്കുന്ന രീതിയിലുള്ള ചുവർ ചിത്രങ്ങൾ വരച്ചപ്പോൾ...





# സ്ട്രോക്ക് ചികിത്സാ സംവിധാനം ശക്തിപ്പെടുത്തും

സംസ്ഥാനത്തെ സ്ട്രോക്ക് ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പ്രധാന മെഡിക്കൽ കോളേജുകളിലും ആരോഗ്യ വകുപ്പിന് കീഴിൽ 10 ജില്ലാതല ആശുപത്രികളിലും സ്ട്രോക്ക് ചികിത്സ നിലവിലുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ന്യൂറോളജി വിഭാഗത്തിന് കീഴിലുള്ള രാജ്യത്തെ ആദ്യ ന്യൂറോ കാത്ത് ലാബ് ഉൾപ്പെട്ട സമ്പൂർണ സ്ട്രോക്ക് യൂണിറ്റ് സജ്ജമാക്കി. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനത്തിന്റെ കൂടിയടിസ്ഥാനത്തിൽ 14 ജില്ലകളിലും സ്ട്രോക്ക് സംവിധാനം ശക്തിപ്പെടുത്താനുള്ള പ്രത്യേക പ്രോജക്ട് തയ്യാറാക്കാൻ ആരോഗ്യ വകുപ്പിന് മന്ത്രി നിർദേശം നൽകി. തിരുവനന്തപുരത്ത് നടന്ന സ്ട്രോക്ക് പഠന ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ആരോഗ്യ വകുപ്പിന് വേണ്ടി ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പക്ഷാഘാത ചികിത്സാ വിഭാഗം നടത്തിയ പഠന റിപ്പോർട്ട് ശിൽപശാലയിൽ അവതരിപ്പിച്ചു.



# മാലിന്യ മുക്തം നവകേരളം മികച്ച പ്രവർത്തനം നടത്തിയവരെ ആദരിച്ചു

മാലിന്യമുക്തം നവകേരളം കാമ്പയിൻ കണ്ണൂർ ജില്ലാ ഏകോപന സമിതിയുടെ നേതൃത്വത്തിൽ ശുചിത്വമാലിന്യ രംഗത്ത് മികച്ച പ്രവർത്തനങ്ങൾ നടത്തിയവരെ ആദരിച്ചു. കണ്ണൂർ ജവഹർ ഓഡിറ്റോറിയത്തിൽ നടന്ന ആദരം-2023 നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. ശുചിത്വ മാലിന്യ സംസ്കാരം വളർത്തുക എന്ന വലിയ പോരാട്ടത്തിൽ ഭാവി തലമുറകൾക്ക് വേണ്ടി വിവേകത്തോടെ പെരുമാറണമെന്ന് ഡോ. ടി.എൻ. സീമ പറഞ്ഞു. ഹരിത കർമസേനകൾ ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ സന്ദേശവാഹകരാണ്. അവരെ കേന്ദ്ര ബിന്ദുവാക്കിക്കൊണ്ടുള്ള സുസ്ഥിര പരിപാടികൾ നടപ്പാക്കണമെന്നും ഡോ. ടി.എൻ. സീമ പറഞ്ഞു. മാലിന്യ സംസ്കരണരംഗത്ത് ഭൗതിക സംവിധാനങ്ങൾ ഒരുക്കുന്നതിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് കണ്ണൂർ ജില്ല നടപ്പാക്കുന്നതെന്നും ഡോ. ടി.എൻ. സീമ പറഞ്ഞു.




ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ അധ്യക്ഷത വഹിച്ചു. ജില്ലാ കലക്ടർ എസ്. ചന്ദ്രശേഖർ മുഖ്യാതിഥിയായി. നവകേരളം കർമപദ്ധതി അസി. കോർഡിനേറ്റർ ടി.പി. സുധാകരൻ, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ, ശുചിത്വമിഷൻ കോർഡിനേറ്റർ കെ.എം. സുനിൽ കുമാർ, ഡി.ടി.പി.സി. സെക്രട്ടറി ജെ.കെ. ജിജേഷ് കുമാർ, കില ജില്ലാ കോർഡിനേറ്റർ പി.വി. രത്നാകരൻ, കുടുംബശ്രീ അസി. ജില്ലാമിഷൻ കോർഡിനേറ്റർ പി.ഒ. ദീപ, ക്ലീൻ കേരള കമ്പനി ജില്ലാ മാനേജർ ആശംസ് ഫിലിപ്പ്, തദ്ദേശ സ്ഥാപന പ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ, കുടുംബശ്രീ, ഹരിത കർമസേന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## പുരസ്കാര നിറവിൽ ഇവർ

കണ്ണൂർ ജില്ലയിൽ ഹരിത ശുചിത്വ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങളിൽ മികവ് പുലർത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംഘടനകൾ, വ്യക്തികൾ തുടങ്ങിയവർക്കാണ് പുരസ്കാരങ്ങൾ നൽകിയത്. 2023 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ 80 ശതമാനത്തിലധികം യൂസർ ഫീ ശേഖരിച്ച പയ്യന്നൂർ, ആന്തൂർ, തളിപ്പറമ്പ് നഗരസഭകളേയും ഉദയഗിരി, കതിരൂർ, പെരളശ്ശേരി, കാങ്കോൽ-ആലപ്പടമ്പ്, മലപ്പട്ടം, ചപ്പാരപ്പടവ്, ഏരുവേശ്ശി, പന്ന്യന്നൂർ, ഉളിക്കൽ, കണ്ണപുരം, എരഞ്ഞോളി, പായം, ചെറുകുന്ന്, കോട്ടയം പഞ്ചായത്തുകളെയും ആദരിച്ചു. ഹരിത ശുചിത്വ രംഗത്തെ മികച്ച സേവനങ്ങൾക്ക് വി.സി. ബാലകൃഷ്ണൻ, പി.വി. ദാസൻ, പി.എം. മുഹമ്മദ് ഹർഷാദ്, ഫഹദ് മുഹമ്മദ്, മൂന്നുപെരിയ മാതൃകാ ബസാർ ശുചിത്വ സമിതി, എം.ആർ.എം. ഇക്കോ സൊലൂഷൻസ്, വി.കെ. രാജീവൻ, രാമകൃഷ്ണൻ മാസ്റ്റർ പിണറായി, സംസ്ഥാന പൊലീസ് അസോസിയേഷൻ എന്നിവർക്ക് പുരസ്കാരം നൽകി. മാലിന്യമുക്തം നവകേരളം കാമ്പയിനിന്റെ ഭാഗമായി മാലിന്യം നീക്കി പൂന്തോട്ടങ്ങൾ ഒരുക്കിയവർക്കുള്ള ജില്ലാപഞ്ചായത്തിന്റെ പുരസ്കാരങ്ങൾ പായം ഒരുമ റെസ്ക്യൂ ടീം, വെള്ളോറ എച്ച്.എസ്.എസ്. ലെ എൻ.എസ്.എസ്. യൂണിറ്റ് എന്നിവർക്ക് ലഭിച്ചു. ഹരിത കർമസേനകളുടെ നേതൃത്വത്തിൽ സംഗീത ശിൽപം, സ്കിറ്റ്, ഓട്ടൻതുള്ളൽ എന്നിവയും അരങ്ങേറി.

# മാലിന്യ സംസ്കരണം വിരൽത്തുമ്പിലാക്കി ചെങ്ങന്നൂർ ഗ്രാമപഞ്ചായത്ത്




ചെങ്ങന്നൂർ ഗ്രാമപഞ്ചായത്തിൽ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് ക്യു.ആർ. കോഡ് പതിക്കൽ 100% പൂർത്തീകരണ പ്രഖ്യാപനം ആഗസ്റ്റ് 4 ന് മന്ത്രി എ.കെ. ശശീന്ദ്രൻ നിർവ്വഹിച്ചു. ഹരിത ഗ്രാമസഭ മന്ത്രി ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി. നൗഷീർ അദ്ധ്യക്ഷനായി. മാലിന്യ പ്രശ്നങ്ങളിൽ നിന്ന് നാടിനെ മോചിപ്പിക്കാനാണ് സംസ്ഥാന സർക്കാർ ഹരിത കർമസേനക്ക് രൂപം നല്കിയത്. അവർ ഉണ്ടാക്കിയ മാറ്റങ്ങൾ എടുത്തു പറയേണ്ടതാണെന്നും മന്ത്രി പറഞ്ഞു. 42 ഹരിത കർമസേനാ അംഗങ്ങളാണ് മുഴുവൻ വീടുകളിലും ക്യു.ആർ. കോഡ് പതിച്ച് പഞ്ചായത്തിലെ മാലിന്യ സംസ്കരണത്തിൽ ഡിജിറ്റൽ സേവനം ലഭ്യമാക്കി രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്ത് ഒന്നാമതായത്. ഫോണിൽ തൽസമയം ഉപഭോക്താക്കൾക്ക് യൂസർ ഫീ രസീത് ലഭ്യമാകും. ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ എം. ഗൗതമൻ കെ.എ.എസ്. സംസാരിച്ചു. ഹരിതമിത്രം പ്രോഗ്രാം കോർഡിനേറ്റർ മിജിത്ത് ഹരിതമിത്രം ആപ്പ് പരിചയപ്പെടുത്തി. വൈസ് പ്രസിഡന്റ് ഗൗരി പുതിയോത്, പഞ്ചായത്ത് സെക്രട്ടറി കെ. മനോജ് കുമാർ, പഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, കെൽട്രോൺ പ്രതിനിധി നിധിൻ, ഹരിതകേരളം മിഷൻ ആർ.പി. ജെസ്‌ലിൻ എന്നിവർ സംസാരിച്ചു.

## മലയാളം സർവകലാശാലയിൽ 'നെറ്റ്സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' ഏകദിന ശിൽപ്പശാല

നെറ്റ് സീറോ കാർബൺ കേരളം-ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാലയിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. ഹരിതകേരളം മിഷന്റേയും, വെട്ടം ഗ്രാമപഞ്ചായത്തിന്റേയും, മലയാളം സർവ്വകലാശാല പരിസ്ഥിതി പഠനവിഭാഗവും സംയുക്തമായാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. വെട്ടം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് രജനി പി.പി. അധ്യക്ഷത വഹിച്ച ചടങ്ങിൽ നവകേരളം കർമ്മപദ്ധതി 2 സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം നിർവഹിച്ചു. മലയാളം സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. എൽ. സുഷമ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് നടന്ന അവതരണങ്ങളിൽ ഗവ. എൻജിനീയറിങ് കോളേജ് കണ്ണൂരിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. സുകേഷ് എ., മലയാളം സർവകലാശാല അസിസ്റ്റന്റ് പ്രൊഫസർ ഡോ. അരുൺ ബാബു വി., ദേശീയ അഗ്രി വനിതാ സംരംഭക അവാർഡ് ജേതാവ് സുഷമ പി.ടി., എനർജി മാനേജ്മെന്റ് സെൽ എസ്.എസ്.എം. പോളി ടെക്നിക് കോർഡിനേറ്റർ അൻവർ സുലൈമാൻ, കാർബൺ കേരളം ജനങ്ങളിലൂടെ ജില്ലാ കോർ ഗ്രൂപ്പ് അംഗം കെ.കെ. ജനാർദ്ദനൻ എന്നിവർ നേതൃത്വം നൽകി. തുടർന്ന് ഗ്രൂപ്പ് ചർച്ചയും സർട്ടിഫിക്കറ്റ് വിതരണവും നടത്തി. ഗ്രൂപ്പ് ചർച്ചക്കും ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും ജില്ലാ കോർ ഗ്രൂപ്പ് അംഗം ഹൈഡ്രോസ് കുട്ടി നേതൃത്വം നൽകി. വെട്ടം ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഉസ്മാൻ സ്വാഗതവും, വെട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സലിം നന്ദിയും പറഞ്ഞു.

# വൈത്തിരി ഗ്രാമപഞ്ചായത്തിൽ മാപത്തോൺ അവതരണവും ആസൂത്രണവും



കബനിക്കായ് വയനാട് മാപത്തോൺ അവതരണവും ആസൂത്രണവും ആഗസ്റ്റ് 4ന് വൈത്തിരി ഗ്രാമ പഞ്ചായത്ത് ഹാളിൽനടന്നു. പഞ്ചായത്ത് പ്രസിഡന്റ് എം.വി. വിജേഷ് ഉദ്ഘാടനം ചെയ്തു. കബനിക്കായ് വയനാട് പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ നവകേരളം കർമ പദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു അവതരിപ്പിച്ചു. മാപത്തോൺ സാങ്കേതികതയെ കുറിച്ചും വൈത്തിരി പഞ്ചായത്തിലെ നീർച്ചാലുകളുടെ മാപിംഗ് പ്രവർത്തനങ്ങളെ കുറിച്ചും ICFOSS പ്രതിനിധികളുടെ സഹാത്തോടെ റിസോഴ്സ് പേഴ്സൺ ആതിര അവതരണം നടത്തി. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ചടങ്ങിൽ ഓൺലൈൻ ആയി പങ്കെടുക്കുകയും നിർദേശങ്ങൾ നൽകുകയും ചെയ്തു. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, എൻ.എസ്.എസ്. വോളന്റീയേഴ്സ്, കുടുംബശ്രീ പ്രതിനിധികൾ, ഹരിത കർമസേനാംഗങ്ങൾ, സോഷ്യൽ ഓഡിറ്റ് അംഗങ്ങൾ, നവകേരളം കർമപദ്ധതി ആർ.പി.മാർ, ഇന്റേൺസ് തുടങ്ങിയവർ പങ്കെടുത്തു.





## കോട്ടയം ജില്ലയിൽ
# മാപത്തോൺ പൂർത്തിയായി

കോട്ടയം ജില്ലയിലെ പശ്ചിമഘട്ടപ്രദേശങ്ങളിലെ നീർച്ചാലുകളുടെ മാപത്തോൺ പൂർത്തിയായി. നവകേരള കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ, ഐ.ടി. മിഷൻ എന്നിവയുടെ നേതൃത്വത്തിലാണ് നീർച്ചാലുകളുടെ ഡിജിറ്റൽ മാപ്പിംഗ് നടത്തിയത്. മാപത്തോൺ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജലസംരക്ഷണ പ്രവർത്തനങ്ങൾ കൃത്യമായ ആസൂത്രണം ചെയ്ത് പദ്ധതി നടപ്പാക്കാനാകും. പാലാ, ഈരാറ്റുപേട്ട നഗരസഭകളും ളാലം, ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി, വാഴൂർ, പാമ്പാടി ബ്ലോക്കുകളിലെ ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടുന്ന 30 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ജില്ലയിലെ ഡിജിറ്റൽ മാപിംഗ് പൂർത്തിയായത്. സംസ്ഥാന വിവര സാങ്കേതിക വകുപ്പു രൂപം കൊടുത്ത ഈ ജനകീയ മാപിംഗ് പദ്ധതിയിൽ രണ്ടു മീറ്റർ സ്പഷ്ടതയുള്ള ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ നിർമ്മിക്കുന്ന ഡിജിറ്റൽ ഭൂപടങ്ങൾ ഉപയോഗിച്ച് ജനങ്ങൾക്ക് അവിടെയുള്ള ജലസ്രോതസ്സുകളുടെ ചെറിയ സവിശേഷതകൾ പോലും മനസിലാക്കാനാകും. ഒ.എസ്.എം. ട്രാക്കർ എന്ന ആപ്ലിക്കേഷൻ ഉപയോഗിച്ച് ഫീൽഡിൽ നീർച്ചാലുകൾ മാപ് ചെയ്യുകയും തുടർന്ന് ഓപ്പൺ സ്ട്രീറ്റ് മാപ് വെബ്സൈറ്റ്, ക്യു.ജി.ഐ.എസ്. എന്നിവ ഉപയോഗിച്ച് അതാത് ദിവസം രേഖപ്പെടുത്തുന്ന തോടുകൾ ഐ.ടി. മിഷനുമായി ചേർന്ന് അന്ന് തന്നെ മാപ്പിൽ വരക്കുന്ന രീതിയാണ് അവലംബിച്ചത്. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരുടെയും ഇന്റേൺഷിപ്പ് ട്രെയിനികളുടെയും നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെയായിരുന്നു മാപിംഗ് പ്രവർത്തനങ്ങൾ.



# പാലക്കാട് ജില്ലയിൽ 25 സ്കൂൾ കെട്ടിടങ്ങൾ പൂർത്തിയായി




വിദ്യാകിരണം പദ്ധതിയിൽ പാലക്കാട് ജില്ലയിൽ 25 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായി. 48 കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. 2023-24 ൽ അംഗീകാരം ലഭിച്ച 34 കെട്ടിടങ്ങളുടെ നിർമ്മാണം ആദ്യഘട്ടത്തിൽ ആണെന്നും കളക്ടർ ഡോ. എസ്. ചിത്രയുടെ അധ്യക്ഷതയിൽ ചേർന്ന വിദ്യാകിരണം അവലോകനയോഗം വിലയിരുത്തി. വിവിധ ഘട്ടങ്ങളിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതിയും പൂർത്തിയായ കെട്ടിടങ്ങളുടെ ഫിറ്റ്നസും അവലോകനം ചെയ്തു. കാലതാമസം ഒഴിവാക്കാൻ പുരോഗതി കൃത്യമായി വിലയിരുത്തണമെന്ന് കളക്ടർ യോഗത്തിൽ നിർദ്ദേശം നൽകി. സബ് കളക്ടർ ധർമ്മലശ്രീ, നവകേരളം ജില്ലാ കോർഡിനേറ്റർ പി. സെയ്തലവി, വിദ്യാഭ്യാസ ഉപഡയറക്ടർ പി.വി. മനോജ് കുമാർ, വിദ്യാകിരണം ജില്ലാ കോർഡിനേറ്റർ കൃഷ്ണകുമാർ മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## പാലക്കാട് ജില്ലയിലെ പുഴയോര പച്ചത്തുരുത്ത്

ആലത്തൂർ ബ്ലോക്കിൽ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് വാർഡ് നാലിൽ മംഗലം പാലത്തിനു സമീപം പുഴയോരത്തു 70 സെന്റ് സ്ഥലത്തു നിലവിലുള്ള പുഴയോര പച്ചത്തുരുത്ത്. ഇവിടെ 250 ഓളം മുളം തൈകൾ സംരക്ഷിച്ചു വരുന്നു.





# കാനാമ്പുഴയുടെ തീരത്ത് ജലസഭ സംഘടിപ്പിക്കും



പുനരുജ്ജീവന പ്രവർത്തനങ്ങളിലൂടെ വീണ്ടെടുത്ത കാനാമ്പുഴയുടെ ടൂറിസം സാധ്യതകളും കാർഷിക മേഖലയിലെ നൂതന സാധ്യതകളും പ്രചരിപ്പിക്കാൻ 2023 നവംബറിൽ കാനാമ്പുഴയുടെ തീരത്ത് സംസ്ഥാനതല ജലസഭ സംഘടിപ്പിക്കും. കണ്ണൂർ എം.എൽ.എ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ അധ്യക്ഷതയിൽ ചേർന്ന കാനാമ്പുഴ പുനരുജ്ജീവന സമിതി യോഗത്തിലാണ് കാനാമ്പുഴയെ കണ്ണൂരിന്റെ ടൂറിസം ഐക്കണായി ഉയർത്തി കൊണ്ടുവരാൻ തീരുമാനിച്ചത്. നവകേരളം കർമപദ്ധതി 2 സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പങ്കെടുത്ത കാനാമ്പുഴ പുനരുജ്ജീവന പ്രവർത്തന അവലോകന യോഗത്തിലാണ് തീരുമാനം.

കാനാമ്പുഴയിൽ നടന്നുവരുന്ന പുഴ സംരക്ഷണ പ്രവർത്തനങ്ങളുടെ ഒന്നാംഘട്ടം അടിയന്തിരമായി പൂർത്തീകരിക്കാൻ യോഗത്തിൽ തീരുമാനമായി. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് രൂപം നല്കാൻ എം.എൽ.എ.യുടെ അധ്യക്ഷതയിൽ ചീഫ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ തിരുവനന്തപുരത്ത് വെച്ച് പ്രത്യേക യോഗം വിളിച്ചു ചേർക്കാനും യോഗത്തിൽ ധാരണയായി. നവകേരളം കർമപദ്ധതി 2 അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ, മൈനർ ഇറിഗേഷൻ വകുപ്പ് എക്സി. എഞ്ചിനീയർ ഗോപകുമാർ, മേജർ ഇറിഗേഷൻ അസി. എക്സി. എഞ്ചിനീയർ, കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ സുർജിത്. വിനോദ സഞ്ചാര വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ വിനോദ്, ഡി.ടി.പി.സി. സെക്രട്ടറി ജെ.കെ. ജിജേഷ, ജില്ലാതല ഉദ്യോഗസ്ഥർ, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാർ എന്നിവരും യോഗത്തിൽ പങ്കെടുത്തു. നവകേരളം കർമപദ്ധതി 2 ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ സ്വാഗതം പറഞ്ഞു.

കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട പരിസ്ഥിതി നീരൊഴുക്ക് സംരക്ഷണ പ്രവർത്തനമാണ് കാനാമ്പുഴ പുനരുജ്ജീവന പദ്ധതി. കാനാമ്പുഴയെ സംരക്ഷിക്കാനായി ഇതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ യോഗം അവലോകനം ചെയ്തു.

# ഹരിത വിദ്യാലയം തൃശ്ശൂർ ജില്ലാതല ഉദ്ഘാടനം



നവകേരളം വൃത്തിയുള്ള കേരളം എന്ന സന്ദേശം വിദ്യാർഥികളിലൂടെ സമൂഹത്തിലേക്ക് എത്തിക്കുന്നതിന് തൃശൂർ ജില്ലയിലെ മുഴുവൻ സ്കൂളുകളും ഹരിത വിദ്യാലയങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി പൊതു ശുചിത്വം, മാലിന്യ സംസ്കരണം ജല സംരക്ഷണം, ഊർജ്ജ സംരക്ഷണം,കൃഷി-പരിസ്ഥിതി സംരക്ഷണം എന്നിവയിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തിരെഞ്ഞെടുത്ത വരവൂർ ഗവ. എൽ.പി. സ്കൂളിൽ വച്ച് ജില്ലയിലെ ആദ്യ ഹരിത വിദ്യാലയ പ്രഖ്യാപനം തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.കെ. ഡേവിസ് മാസ്റ്റർ നിർവഹിച്ചു.

# നെടുമുടി ഹെൽത്ത് സെന്ററിൽ പച്ചത്തുരുത്ത്

ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്ത് വാർഡ് 14 ൽ സ്ഥിതി ചെയ്യുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 2.5 സെന്റ് സ്ഥലത്ത് ഒരുക്കുന്ന പച്ചത്തുരുത്തിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി മന്മദൻ നായർ നിർവഹിച്ചു. മാവ്, പേര, നെല്ലി, ഞാവൽ, ചാമ്പ, ചെമ്പരത്തി തുടങ്ങി മുപ്പതോളം ഫലവൃക്ഷ തൈകളാണ് നട്ടത്.



# കണ്ണൂർ കളക്ടറേറ്റിൽ
# ജൈവ വൈവിധ്യ രജിസ്റ്ററും മരങ്ങളിൽ ക്യൂ.ആർ. കോഡും

കണ്ണൂർ കളക്ടറേറ്റിനെ ഹരിത-ശുചിത്വ കളക്ടറേറ്റ് ആയി മാറ്റിയെടുക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തുടക്കമായി. കളക്ടറേറ്റിലെയും അനക്സിലെയും എല്ലാ സർക്കാർ ഓഫീസുകളിലും അജൈവ മാലിന്യ സംസ്കരണ സംവിധാനം ഡിജിറ്റലൈസ് ചെയ്യുന്ന പ്രവർത്തനം പൂർത്തീകരിച്ച് കഴിഞ്ഞു. മറ്റൊരു മാതൃകാ പ്രവർത്തനമാണ് വൃക്ഷ വൈവിധ്യ രജിസ്റ്ററും വൃക്ഷങ്ങൾക്ക് QR കോഡ് ഏർപ്പെടുത്തലും. കളക്ടറേറ്റ്, അനക്സ് എന്നീ കാമ്പസുകളിൽ വളരുന്ന ഓരോ വൃക്ഷത്തിനും അതിന്റേതായ 'ഐഡന്റിറ്റി' ഉണ്ടാവുക എന്ന ലക്ഷ്യത്തോടെയാണ് വൃക്ഷ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമപദ്ധതി രണ്ടിന്റെ ഭാഗമായ ഹരിതകേരളം മിഷനാണ് ഇതിന് മുൻകൈയെടുത്തത്. കണ്ണൂർ കളക്ടറേറ്റിലെയും അനക്സിലേയും വൃക്ഷ രജിസ്റ്ററിന്റെ പ്രകാശനവും വൃക്ഷങ്ങളിൽ ക്യു.ആർ. കോഡ് അടങ്ങിയ ബോർഡ് സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനവും 2023 ആഗസ്റ്റ് രണ്ടിന് കളക്ടറേറ്റ് അങ്കണത്തിൽ ചേർന്ന ചടങ്ങിൽ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ നിർവഹിച്ചു. ജില്ലാ കളക്ടർ എസ്. ചന്ദ്രശേഖരർ IAS ചടങ്ങിൽ അധ്യക്ഷത വഹിച്ചു.അസിസ്റ്റന്റ് കളക്ടർ, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് കെ.കെ. ദിവാകരൻ തുടങ്ങിയവർ പങ്കെടുത്തു.






# വന്നേരി ഹയർസെക്കൻഡറി സ്കൂളിൽ പച്ചത്തുരുത്ത്

മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തിൽ ഹരിത കേരളം മിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, എച്ച്.എച്ച്.എസ്. വന്നേരി എൻ.എസ്.എസ്. യൂണിറ്റ് എന്നിവയുടെ നേതൃത്വത്തിൽ മരക്കൂട്ടം പച്ചത്തുരുത്തിന്റെ ഉദ്ഘാടനം നടന്നു.

എച്ച്.എസ്.എസ്. വന്നേരി സ്കൂളിൽ നടന്ന പരിപാടി പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിനീഷ മുസ്തഫ ഉദ്ഘാടനം നിർവഹിച്ചു. പെരുമ്പടപ്പ് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. നിസാർ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ വെച്ച് പഞ്ചായത്ത് ഹരിത കർമസേനയെ എൻ.എസ്.എസ്. യൂണിറ്റ് ആദരിച്ചു.

# സുരക്ഷിതമാക്കാം പശ്ചിമഘട്ടം
# മരുതോങ്കര ഗ്രാമപഞ്ചായത്തിൽ രണ്ടാംഘട്ടം തുടങ്ങി

ഹരിതകേരളം മിഷൻ നടപ്പിലാക്കുന്ന 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം-നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ്' രണ്ടാം ഘട്ട പദ്ധതികൾ ആവിഷ്കരിച്ച് കോഴിക്കോട് ജില്ലയിലെ മരുതോങ്കര പഞ്ചായത്ത്. നീർച്ചാൽ മാപിംഗ് പ്രവർത്തനങ്ങളുടെ പഞ്ചായത്ത് തല അവതരണത്തിന്റെയും തുടർ പദ്ധതികളുടെ ആവിഷ്കരണത്തിന്റെയും ഉദ്ഘാടനം ഇ.കെ. വിജയൻ എം.എൽ.എ. നിർവഹിച്ചു. പശ്ചിമഘട്ട മലനിരകളിലും താഴ്‌വാരങ്ങളിലും നീർച്ചാലുകളുടെ സംരക്ഷണ പ്രവൃത്തി നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്ന് എം.എൽ.എ. പറഞ്ഞു. മരുതോങ്കര ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ നടന്ന പരിപാടിയിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. സജിത്ത് അധ്യക്ഷത വഹിച്ചു. കുന്നുമ്മൽ ബ്ലോക്ക് പ്രസിഡന്റ് കെ.പി. ചന്ദ്രി മുഖ്യതിഥിയായി.

# ഗ്രാമീണ ടൂറിസവുമായി ചോലപ്പുറം പച്ചത്തുരുത്ത്



ഗ്രാമീണ ടൂറിസത്തിന്റെ സാധ്യതകളിൽ കൂടുതൽ ഹരിതാഭമാകാൻ ഒരുങ്ങുകയാണ് വയനാട് ജില്ലയിൽ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ ചോലപ്പുറം പച്ചത്തുരുത്ത്. പച്ചത്തുരുത്തിന്റെ വിപുലീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട യോഗം ചോലപ്പുറം പച്ചത്തുരുത്തിൽ വെച്ച് ചേർന്നു. പഞ്ചായത്ത് ഭൂമിയിൽ പുഴയോരത്തായി ഒരേക്കർ സ്ഥലത്താണ് പച്ചതുരുത്ത് സ്ഥിതി ചെയ്യുന്നത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപനത്തിന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും സഹകരണത്തോടെ നടപ്പിലാക്കിയ ഈ പച്ചത്തുരുത്ത് ജില്ലയിലെ ഏറ്റവും മികച്ച പച്ചത്തുരുത്തുകളിൽ ഒന്നാണ്. നിലവിൽ മുളകളും വിവിധ ഇനം വൃക്ഷങ്ങളും ഇവിടെ പരിപാലിക്കുന്നുണ്ട്. പച്ചത്തുരുത്തിനെ ഗ്രാമീണ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനെ കുറിച്ചും പഠന കേന്ദ്രമാക്കി മാറ്റുന്നതിനെകുറിച്ചും യോഗത്തിൽ ചർച്ച ചെയ്തു. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ സഹകരണത്തോടെയാണ് ഇവിടുത്തെ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. പച്ചത്തുരുത്തിലെ പ്രവർത്തനങ്ങളെക്കുറിച്ച് നവകേരളം ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു വിശദീകരിച്ചു. പച്ചത്തുരുത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനത്തിന്റെ സാങ്കേതിക കാര്യങ്ങൾ എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ അസിസ്റ്റന്റ് മാനേജർ നന്ദകുമാർ പി.എം. വിശദീകരിച്ചു.

## പാറയ്ക്കൽ യു.പി. സ്കൂളിൽ പച്ചത്തുരുത്ത്

ഹരിതകേരളം മിഷനും മലപ്പുറം ജില്ലയിലെ വളവന്നൂർ ഗ്രാമപഞ്ചായത്തും ഇ.എസ്.എ.എഫ്. ഫൗണ്ടേഷനും സംയുക്തമായി നടപ്പിലാക്കുന്ന ‘ മരക്കൂട്ടം’ പച്ചത്തുരുത്ത് പദ്ധതിയ്ക്ക് പാറയ്ക്കൽ എ.എം.യു.പി സ്കൂളിൽ തുടക്കം കുറിച്ചു. മാവ്, ചാമ്പ, മുന്തിരി, ചെറി തുടങ്ങി പതിനഞ്ചോളം വൃക്ഷ തൈകൾ നട്ട് വളവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.സി നജ്മത്ത് ഉദ്ഘാടനം ചെയ്തു. വരും തലമുറയ്ക്കായി അതിജീവനത്തിന്റെ ചെറുവനങ്ങൾ ഉണ്ടാക്കിയെടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പരിപാടിയിൽ സ്കൂൾ പ്രധാനധ്യാപകൻ പി.എ. അലിക്കുട്ടി. പി.ടി.എ. പ്രസിഡൻറ് ഹബീബ് റഹ്മാൻ, ഇ.എസ്.എ.എഫ്. ബാങ്ക് പ്ലാൻ മാനേജർ സി. അബ്ദുൾ മജീദ്, സ്കൂൾ വിദ്യാർഥികൾ, അധ്യാപകർ പങ്കെടുത്തു.

# മെഴുവേലി ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ശുചിത്വ വാർഡ് പ്രവർത്തനങ്ങൾക്ക് തുടക്കം



പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡ് ആയ കാരംവേലിയെ സമ്പൂർണ്ണ ശുചിത്വ വാർഡ് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമായി. ആദ്യഘട്ടമായി രണ്ടാംവാർഡ് സ്ഥിതി ചെയ്യുന്ന എസ്.എൻ.ജി. സ്കൂളിൽ ആഗസ്റ്റ് അഞ്ചിന് പ്രവർത്തനങ്ങൾ ആരംഭിച്ചു. പരിപാടിയുടെ ഉദ്ഘാടനം രണ്ടാം വാർഡ് മെമ്പർ സുരേഷ് കുമാർ നിർവഹിച്ചു. തുടർന്ന് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പി.റ്റി.എ. അംഗങ്ങൾ, ഹരിത കർമസേനാംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, ജനപ്രതിനിധികൾ ഉൾപ്പെടെ അൻപതോളം ആളുകൾ ശുചീകരണ പ്രവർത്തനത്തിൽ പങ്കെടുത്തു. ശുചീകരണത്തിനു ശേഷം സ്കൂൾ അങ്കണത്തിൽ ഔഷധത്തോട്ടം, ശലഭോദ്യാനം, പച്ചക്കറി ത്തോട്ടം എന്നിവയുടെ നിർമ്മാണം ആരംഭിച്ചു. സ്കൂളിനോട് ചേർന്ന് വഴിയിൽ മാലിന്യം വലിച്ചെറിയുന്ന സ്ഥലത്ത് മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കുകയും ചെയ്തു. മെഴുവേലി ഗ്രാമപഞ്ചായത്തും, കേരള ശാസ്ത്രസാഹിത്യ പരിഷത്തും ചേർന്നാണ് മെഴുവേലി ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിനെ സമ്പൂർണ്ണ ശുചിത്വ വാർഡാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.



# തൃപ്പൂണിത്തുറ അത്തച്ചമയം ഇത്തവണ ഹരിതചട്ടം പാലിച്ച്

തൃപ്പൂണിത്തുറയിൽ അത്തം ചമഞ്ഞിറങ്ങി. ഒട്ടാകെ ഹരിതചട്ടം പാലിച്ചായിരുന്നു ഇക്കുറി ആഘോഷങ്ങൾ. തൃപ്പൂണിത്തുറ നഗരസഭ, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവരാണ് ഹരിതചട്ട പാലനത്തിന് നേതൃത്വം നൽകിയത്. ആഘോഷങ്ങൾക്ക് ഏറെ ദിവസം മുമ്പെ തന്നെ ഇതുസംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങളും വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങളും സംഘടിപ്പി ച്ചിരുന്നു. കൃത്യമായ മുന്നൊരുക്കങ്ങൾ നടത്തിയത് ഫലപ്രാപ്തിയിൽ പ്രകടമായി.



# വലിച്ചെറിയേണ്ട തിരികെ നൽകാം കാമ്പയിൻ ഏറ്റെടുത്ത് അത്തച്ചമയ നഗരി



അത്തച്ചമയത്തിന്റെ ഭാഗമായി ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റി എന്നിവരുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ സമ്മാന കൂപ്പൺ പദ്ധതി ഏറ്റെടുത്ത് അത്തച്ചമയ നഗരി. നഗരിയിൽ പ്രത്യേകം ഒരുക്കിയ കൗണ്ടറിൽ പ്ലാസ്റ്റിക് കുപ്പികൾ എന്നിവ ഏൽപ്പിച്ചാൽ സമ്മാന കൂപ്പണുകൾ ഏർപ്പെടുത്തിയിരുന്നു. അത്ത നഗരിയെ മാലിന്യമുക്തമാക്കുന്നതിനായി നടത്തിയ ഈ കാമ്പയിനിൽ നിരവധി ആളുകളാണ് പങ്കെടുത്തത്. ഗവൺമെന്റ് ആയുർവേദ കോളേജ് തൃപ്പൂണിത്തുറ, ആർഎൽവി കോളേജ് തൃപ്പൂണിത്തറ, ബി.എഡ്. സെന്റർ തൃപ്പൂണിത്തുറ, ഭൂമി, സോഷ്യൽ ക്യാപ്പിറ്റൻസ് എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ക്ലീൻ ഡ്രൈവ് സംഘടിപ്പിക്കുകയും നഗരിയിൽ നിന്നുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്തു. നവകേരളം കർമപദ്ധതി കോർഡിനേറ്റർ രഞ്ജിനി എസ്, ആർ.എൽ.ബി. കോളേജ് അധ്യാപകൻ മനു മോഹൻ, നവകേരളം കർമപദ്ധതി റിസോഴ്സ് പേഴ്സൺമാർ, ശുചിത്വമിഷൻ വൈ.പി.മാർ തുടങ്ങിയവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

# വില്യപ്പള്ളി ഗ്രാമപഞ്ചായത്തിൽ ടേക് എ ബ്രേക്ക് ഉദ്ഘാടനം ചെയ്തു

സർക്കാറിന്റെ നൂറുദിന കർമപദ്ധതിയുടെ ഭാഗമായി നിലവാരമുള്ള വഴിയോര വിശ്രമ കേന്ദ്രങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമ പഞ്ചായത്ത് ലോകനാർ കാവിൽ നിർമ്മിച്ച ടേക് എ ബ്രേക്ക് കെട്ടിടം ഉദ്ഘാടനം ചെയ്തു. 2023 ആഗസ്റ്റ് 6 ന് ലോകനാർകാവിൽ കുറ്റ്യാടി എം.എൽ.എ. കെ.പി. കുഞ്ഞമ്മദ്ക്കുട്ടി മാസ്റ്റർ കെട്ടിടം ഉദ്ഘാടനം ചെയ്തു. വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ. ബിജുള അധ്യക്ഷത വഹിച്ച ചടങ്ങിൽ പഞ്ചായത്ത്മെമ്പർ കെ. ഗോപാലൻ മാസ്റ്റർ സ്വാഗതം പറഞ്ഞു. പഞ്ചായത്ത് സെക്രട്ടറി വിനോദ് കൃഷ്ണൻ റിപ്പോർട്ട് അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് പൂളക്കണ്ടി മുരളി, വികസന കാര്യം ചെയർപേഴ്സൺ സിമി കെ.കെ., ആരോഗ്യ വിദ്യാഭ്യാസ ചെയർപേഴ്സൺ സുബിഷ കെ., ക്ഷേമകാര്യം രജിത കോളിയോട്ട്, ബ്ലോക്ക് മെമ്പർ സുബീഷ് പുതിയെടുത്ത് മെമ്പർമാരായ ഇബ്രാഹിം പുത്തലത്ത്, പി. പ്രശാന്ത് കുമാർ, വിദ്യാധരൻ എന്നിവർ ആശംസയർപ്പിച്ച് സംസാരിച്ചു. സ്വാഗതം സംഘം ചെയർമാൻ ചന്ദ്രൻ മാസ്റ്റർ നന്ദി പറഞ്ഞു.



# തലച്ചിറ ഗവൺമെന്റ് എൽ പി സ്കൂൾ പച്ചത്തുരുത്ത്



പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി. സ്കൂളിൽ ആരംഭിച്ച പുതിയ പച്ചത്തുരുത്തിന്റെ ഉദ്ഘാടനം 2023 ആഗസ്റ്റ് 10 ന് റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. ഗോപി നിർവഹിച്ചു. സ്കൂളിലെ 40 സെന്റ് സ്ഥലത്താണ് പച്ചത്തുരുത്ത് ഒരുങ്ങുന്നത്. ആദ്യഘട്ടമായി 150 ഫല വൃക്ഷതൈകളാണ് നട്ടത്. ഹരിത വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളും ഇവിടെ ഉടൻ ആരംഭിക്കും. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായാണ് സ്ഥലം ഒരുക്കലും, തുടർപരിപാലനവും നടത്തുന്നത്. പച്ചത്തുരുത്ത് ഉദ്ഘാടനത്തിൽ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# നാലിലാംകണ്ടത്ത് ജൈവ വൈവിധ്യ പഠനകേന്ദ്രം




കാസർഗോഡ് ജില്ലാ പഞ്ചായത്തും കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തും സംയുക്തമായി നാലിലാംകണ്ടത്ത് നടപ്പിലാക്കിയ ജൈവ വൈവിധ്യ പഠന കേന്ദ്രം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. ജീവന്റെ അടിസ്ഥാനമാണ് പച്ചത്തുരുത്തെന്നും കാസർകോട് ജില്ലയിലാണ് ഏറ്റവും കൂടുതൽ വൈവിധ്യമുള്ള പച്ചതുരുത്തുകൾ സംരക്ഷിക്കപ്പെടുന്നതെന്നും അവർ പറഞ്ഞു. ഏകോപനത്തിന്റെയും സംയോജനത്തിന്റെയും മികച്ച മാതൃകയാണ് നാലിലാംകണ്ടം ജൈവ വൈവിധ്യ പഠന കേന്ദ്രം. രണ്ടാം ഘട്ടം കൂടി പൂർത്തിയാക്കിയാൽ ശ്രദ്ധേയമായ പദ്ധതിയാക്കി മാറ്റാൻ കഴിയുമെന്നും ടി.എൻ. സീമ പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ ബി.എസ്. അനുരാധ റിപ്പോർട്ട് അവതരിപ്പിച്ചു. നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാധവൻ മണിയറ, ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ കെ. ശകുന്തള, കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് എം. ശാന്ത, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് അംഗം എം. കുഞ്ഞിരാമൻ, ഹരിതകേരളം മിഷൻ അസിസ്റ്റൻറ് കോർഡിനേറ്റർ ടി.പി. സുധാകരൻ, കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി. ശശിധരൻ, പി.ടി.എ. പ്രസിഡൻറ് വി. സന്തോഷ് കുമാർ, പ്രധാനാധ്യാപിക കെ. സുമതി ടീച്ചർ എന്നിവർ സംസാരിച്ചു. ജില്ലാ പഞ്ചായത്ത് അംഗം സി.ജെ. സജിത്ത് സ്വാഗതവും ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.കെ. സജീവ് നന്ദിയും പറഞ്ഞു.

# നെഹ്റു ട്രോഫി ജലോത്സവം - ഹരിതചട്ടം പാലിച്ച്



ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആലപ്പുഴ നഗരസഭയുടെ സഹകരണത്തോടെയാണ് ഹരിതചട്ടം പാലിച്ച് ജലോത്സവം സാദ്ധ്യമാക്കിയത്. ഹരിത കർമസേനാംഗങ്ങൾ, NSS വോളന്റിയേഴ്സ് എന്നിവരുടെ പ്രവർത്തനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച് അതാത് ബിന്നുകളിൽ നിക്ഷേപിയ്ക്കുന്നതിന് ജനങ്ങൾക്ക് പ്രേരണയായി. ഒരു കിലോമീറ്ററിലധികം ദൂരത്തിൽ പ്രവേശന വീഥിയിലും പവലിയനിലും ഓരോ 25 മീറ്റർ ദൂരത്തിലും മാലിന്യ നിക്ഷേപത്തിനായി പ്രത്യേകം ബിന്നുകളൊരുക്കി. ഓരോ ബിൻ പോയിന്റിലും രണ്ട് ഹരിത കർമസേനാംഗങ്ങൾ, NSS വോളന്റിയേഴ്സ് എന്നിവരുടെ സേവനം ലഭ്യമാക്കി. ബോട്ടിൽ ബൂത്തുകളിൽ, പ്ലാസ്റ്റിക് വെള്ളക്കുപ്പികൾക്ക് പത്ത് രൂപ ഈടാക്കി സ്റ്റിക്കർ പതിച്ചു കടത്തിവിടുകയും കാലിക്കുപ്പി തിരിച്ചുനൽകുമ്പോൾ തുക റീഫണ്ട് ചെയ്യുകയും ചെയ്യുന്ന രീതി അവലംബിച്ചതും വിജയകരമായി. മത്സരങ്ങൾക്കുശേഷം ഒഴിഞ്ഞ പവലിയൻ, പരിസരം, പാതയോരങ്ങൾ എന്നിവ ഹരിത കർമ സേന ശുചീകരിച്ചു. വൈകുന്നേരം 8.30 ഓടെ ശുചീകരണപ്രവർത്തനങ്ങൾ പൂർത്തിയായി. നവകേരളം ആർ.പി.മാർ രാവിലെ മുതൽ നടന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.



# വിജയഗാഥ രചിച്ച് ലൈഫ് മിഷൻ

## പെരുമണ്ണയിലെ ഒരു ലൈഫ് പെരുമ

കോഴിക്കോട് ജില്ലയിലെ പെരുമണ്ണയിൽ നിരാലംബരായ സഹോദരിമാർക്ക് ലൈഫ് പദ്ധതി വഴി വീട് ലഭിച്ചു. അടച്ചുറപ്പില്ലാതെ ചോർന്നൊലിക്കുന്ന കൂരയിലായിരുന്നു രാധയും സഹോദരി സുമിത്രയും ഇതുവരെ അന്തിയുറങ്ങിയിരുന്നത്. സംസ്ഥാന സർക്കാരിന്റെ ലൈഫ് പദ്ധതിയാണ് ഇവർക്ക് സ്വന്തമായി തല ചായ്ക്കാനിടം യാഥാർഥ്യമാക്കിയത്.







## സ്വന്തം വീട്ടിൽ നാരായണൻ കക്കട്ടുകുന്നുമ്മൽ

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ കക്കോടി ഗ്രാമപഞ്ചായത്തിൽ 14-ാം വാർഡിൽ പടിഞ്ഞാറ്റുമുറി ദേശത്ത് കക്കട്ടുകുന്നുമ്മൽ താമസിക്കുന്ന നാരായണന്റെ വീട് എന്ന സ്വപ്നം ലൈഫ്മിഷൻ പദ്ധതിയിലൂടെ യാഥാർഥ്യമായി. കൂലിപ്പണിക്കാരനായ നാരായണന് 2015-16 സാമ്പത്തിക വർഷത്തിൽ ഐ.എ.വൈ. ഭവന പദ്ധതിയിൽ ഗുണഭോക്താവായി തെരഞ്ഞെടുത്ത് ധനസഹായം അനുവദിച്ചിരുന്നു. ആദ്യ ഗഡു അനുവദിച്ച് വീടുപണി ആരംഭിച്ചു കുറച്ചുനാളുകൾക്കുള്ളിൽ നാരായണന്റെ ഭാര്യ വിജയ രോഗ ബാധിതയായി തീർന്നു മരണത്തിനു കീഴടങ്ങി. മാനസികമായും സാമ്പത്തികമായും ശാരീരികമായും അവശനായ നാരായണൻ ഭവന നിർമ്മാണമെന്ന സ്വപ്നം ഉപേക്ഷിച്ചു. ഈ സമയത്താണ് സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നാരായണന്റെ ഭവന നിർമ്മാണം ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തത്. ലൈഫ് മിഷന്റെ ആദ്യ ഗഡു തുക കൈപ്പറ്റി ഭവനനിർമ്മാണം പുനരാരംഭിച്ച നാരായണൻ വിശ്രമം എന്തെന്നറിയാതെ ജോലി ചെയ്തു. 6 മാസത്തിനകം വീട് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

## വീടെന്ന സ്വപ്നം യാഥാർഥ്യത്തിലേക്ക്

കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിൽ അരിക്കുളം ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ താമസിക്കുന്ന ബാലകൃഷ്ണനും ഭാര്യ ലീലയും 2014-15 സാമ്പത്തിക വർഷത്തിലെ ഐ.എ.വൈ. ഭവന നിർമ്മാണത്തിന് തിരഞ്ഞെടുക്കപ്പെട്ടിരുന്നു. പിന്നീട് വിധവയായ ലീലയും രണ്ടു പെൺമക്കളും ചേർന്ന് നാല് സെന്റ് ഭൂമിയിൽ ഒരു ഓല ഷെഡ് കെട്ടി താമസിച്ചു വരികയായിരുന്നു. ഐ.എ.വൈ. സഹായം കൊണ്ട് പരിമിതമായ സൗകര്യങ്ങളുള്ള ഒരു വീട് ലിന്റൽ വരെ നിർമ്മിച്ചു. ലഭ്യമായ ബാക്കി തുക കൊണ്ട് വീട് പണി പൂർത്തീകരിക്കാൻ നിർവാഹവും ഇല്ലായിരുന്നു. ഈ സാഹചര്യത്തിൽ കൂലിപ്പണിക്കാരിയായ ലീല, ലൈഫ് പദ്ധതിയിൽ ഉൾപ്പെടുകയും തുടർന്ന് ഐ.എ.വൈ. പദ്ധതി തുകയ്ക്ക് പുറമെ ലൈഫ് വിഹിതത്തിൽ നിന്ന് അനുവദിച്ച തുക കൂടി വിനിയോഗിച്ചു ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ലൈഫ് ഭവന പൂർത്തീകരണ പദ്ധതിയിൽ അധിക ധനസഹായം ലഭിച്ചതുകൊണ്ട് മാത്രമാണ് ഈ കുടുംബത്തിന്റെ വീടെന്ന സ്വപ്നം സാക്ഷാത്ക്കരിച്ചത്.






# മാലിന്യ സംസ്കരണത്തിൽ തൃക്കരിപ്പൂർ മികച്ച മാതൃക ഡോ. ടി.എൻ. സീമ



തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ 2023-24 വാർഷിക പദ്ധതിയിൽപ്പെട്ട പദ്ധതികളുടെ നിർവഹണത്തിനു തുടക്കമായി. 210 ഗുണഭോക്താക്കൾക്ക് ബൊക്കാഷി ബക്കറ്റ് വിതരണവും ഹരിത കർമസേനയ്ക്ക് റെയിൻ കോട്ട്, ഐ ഡി കാർഡ്, ആരോഗ്യ ഇൻഷുറൻസ് കാർഡ് എന്നിവയുടെ വിതരണവും സംഘടിപ്പിച്ചു. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. മാലിന്യ സംസ്കരണത്തിൽ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് മികച്ച മാതൃകയാണെന്ന് ഡോ. ടി.എൻ. സീമ പറഞ്ഞു. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ഇവിടെ മികച്ച രീതിയിലാണെന്നും പഞ്ചായത്തിന്റെ വിവിധയിടങ്ങളിൽ നട്ടുവളർത്തിയ പച്ചത്തുരുത്തുകൾ അത് സാക്ഷ്യപ്പെടുത്തുന്നുണ്ടെന്നും അവർ അഭിപ്രായപ്പെട്ടു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.കെ. ബാവ അദ്ധ്യക്ഷത വഹിച്ചു.

# ജലസ്രോതസ്സുകളുടെ സംരക്ഷണം ഡിജിറ്റൽ സർവേ തുടങ്ങി



കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തിലും ഹരിതകേരളം മിഷന്റെ സഹകരണത്തിലും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പദ്ധതി ഒരുക്കുന്നു. ആദ്യഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് പഞ്ചായത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പോത്തൻകോട് പഞ്ചായത്തിലെ തെറ്റിയാറിന്റെ പ്രഭവ കേന്ദ്രമായ തെങ്ങനാംകോട് ചിറയിൽ ഡിജിറ്റൽ സർവേയ്ക്ക് തുടക്കമിട്ടു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലെ അധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന സംഘം ജി.പി.എസിന്റെ സഹായത്തോടെ മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് സർവേ നടത്തുന്നത്. തടസ്സങ്ങൾ കണ്ടെത്തി അതുനീക്കം ചെയ്ത് നീരൊഴുക്ക് പുനഃസ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. ഡിജിറ്റൽ യൂണിവേഴ്സിറ്റി വികസിപ്പിച്ച സെൻസറുകൾ ജലസ്രോതസ്സുകളിൽ സ്ഥാപിക്കുകയും മാലിന്യം നിക്ഷേപിച്ചാൽ ചിത്രം സഹിതം പഞ്ചായത്ത് പ്രസിഡന്റിന്റെ മൊബൈൽ ഫോണിൽ ലഭ്യമാക്കുന്ന പുതിയ സാങ്കേതികവിദ്യയും ഉപയോഗിക്കും.

# മൂന്നുപെരിയ ശുചിത്വ ടൗൺ



കണ്ണൂർ ജില്ലയിലെ മൂന്നുപെരിയ ടൗൺ സൗന്ദര്യവൽക്കരണം ശ്രദ്ധേയമാകുന്നു. കവലകളും പാതയോരങ്ങളും ബസ് കാത്തിരിപ്പുകേന്ദ്രങ്ങളും ശുചിയാക്കി പരിപാലിക്കുക മാത്രമല്ല ചെടികളും പൂക്കളും മാലിന്യസംസ്കരണവും എല്ലാം ഒരുക്കി പരിപാലിക്കുകയാണിവിടെ. മൂന്നുപെരിയ ബസ് കാത്തിരിപ്പ് കേന്ദ്രത്തിൽ യാത്രക്കാർക്ക് കുടിവെള്ള വിതരണത്തിന് സ്ഥാപിച്ച വാട്ടർ പ്യൂരിഫയർ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. ശുചിത്വം സുസ്ഥിരമായി നിലനിർത്തുന്നതിന് മൂന്നുപെരിയ ടീം പ്രവർത്തിക്കുന്നുമുണ്ട്.

കാസർഗോഡ് ജില്ലയിലെ മടിക്കൈ ഹരിത കർമസേനക്ക് മാലിന്യത്തോടൊപ്പം ലഭിച്ച സ്വർണ്ണ കമ്മൽ ഗ്രാമ പഞ്ചായത്തിനു നൽകുന്നതിനുവേണ്ടി സംസ്ഥാന കോർഡിനേറ്റർക്ക് കൈമാറുന്നു.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in